സിമ്പോസിയം

# മുസ്‌ലിംവ്യക്തിനിയമത്തിന്റെ ചരിത്രപശ്ചാത്തലം

അഡ്വ. ടി.എം അബ്ദുല്ല

ഇസ്‌ലാമിക നിയമത്തിന്റെ കണിക ഭാരതം ദർശിച്ചത് ക്രിസ്ത്വബ്ദം 712–ൽ മുഹമ്മദ് ഇബ്നു ഖാസിം സിന്ധ് കൈയടക്കിയതുമുതലാണ്. പക്ഷേ, നിയമം സ്ഥാപിതമായത് 13–ാം നൂറ്റാണ്ടിന്റെ പൂർവാർധത്തിൽ ഖുത്ബുദ്ദീൻ ഐബക്കിന്റെ ഭരണത്തിനു ശേഷമായിരുന്നുവത്രെ. മുഗൾ രാജാക്കന്മാർ ഹനഫീ മദ്ഹബുകാരായിരുന്നു. ഇന്ത്യ ആദ്യമായി കണ്ട ആധാരകമായ ഇസ്‌ലാമിക നിയമഗ്രന്ഥം 12–ാം നൂറ്റാണ്ടിൽ റഷ്യൻ തുർകിസ്താനിൽ ജനിച്ച ബുർഹാനുദ്ദീൻ മർഗിനാനി 'ഹിദായ' എന്ന പേരിൽ എഴുതിയ ഹനഫീ നിയമ ഗ്രന്ഥമായിരുന്നു. അതിനു ശേഷം 13–ാം നൂറ്റാണ്ടിൽ നജ്മുദ്ദീൻ അൽ ഹില്ലി എന്നു പേരായ ശീഈ പണ്ഡിതൻ 'ശറഉൽ ഇസ്‌ലാം' എന്ന പേരിൽ ശീഈ നിയമഗ്രന്ഥം രചിച്ചു. അമൂർത്തമായ തത്ത്വങ്ങളടങ്ങിയ ഗ്രന്ഥങ്ങളേക്കാൾ തത്ത്വങ്ങൾ പ്രയോഗപ്പെടുത്തി കൽപിക്കപ്പെട്ട വിധികളാണ് പ്രയോജനപ്പെടുക എന്ന കാരണത്താൽ ഔറംഗസീബിന്റെ കാലത്ത് അദ്ദേഹത്തിന്റെ നിർദേശപ്രകാരം അന്നുവരെ പണ്ഡിതന്മാർ പുറപ്പെടുവിച്ച 'ഫത്‌വകൾ' സമാഹരിച്ച് 'ഫതാവാ ആലംഗീരി' എന്ന ഗ്രന്ഥം 17–ാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടു. 'ഹിദായ' അറബിയിൽനിന്ന് പേർഷ്യൻ ഭാഷയിലും അത് പിന്നീട് ഇംഗ്ലീഷിലും തർജമ ചെയ്തു. 'ഫതാവാ ആലംഗീരി'യും 'ശറഉൽ ഇസ്‌ലാ'മും ബെയ്‌ലി എന്നു പേരായ ഒരു ഇംഗ്ലീഷുകാരൻ ജഡ്ജി 'ബെയ്‌ലിയുടെ ഡൈജസ്റ്റ്' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തി. ഇസ്‌ലാമിക നിയമങ്ങളറിയാൻ ഈ മൂന്നു ഗ്രന്ഥങ്ങളായിരുന്നു ഇന്ത്യയിൽ ഉണ്ടായത്. ഇന്നും ഇന്ത്യയിലുള്ള മുസ്‌ലിം വ്യക്തിനിയമങ്ങളുടെ വേരുകൾ ഈ ഗ്രന്ഥങ്ങളിലാണ് കാണുക. ശാഫിഇകൾക്ക് 'മിൻഹാജുത്താലിബീൻ' എന്ന ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് തർജമയും ഉണ്ട്.

ഹിന്ദു നിയമവും മുസ്‌ലിം നിയമവും തങ്ങളുടെ മതങ്ങളുമായി അവിഭാജ്യമായി ബന്ധപ്പെട്ടതാണെന്ന വസ്തുത പണ്ടേ അംഗീകരിക്കപ്പെട്ടതാണ്. തൽഫലമായി മുസ്‌ലിം നിയമം മുസ്‌ലിംകൾക്ക് ബാധകമാക്കിയപ്പോൾ ഹിന്ദു നിയമം ഹിന്ദുക്കൾക്കും മുഗൾ രാജാക്കന്മാർ അനുവദിച്ചിരുന്നു. ഈ നയം പിന്നീട് ബ്രിട്ടീഷുകാർ തുടർന്നുവന്നു എന്നല്ലാതെ അവർ പുതുതായി ആവിഷ്കരിച്ചതല്ല. ക്രിസ്ത്വബ്ദം 17–ാം നൂറ്റാണ്ടിൽ ഈസ്റ്റ് ഇന്ത്യാ കമ്പനി കച്ചവടവും അചിരേണ ഭരണവും തുടങ്ങിയപ്പോൾ ഹിന്ദു–മുസ്‌ലിം സമുദായങ്ങൾക്ക് എല്ലാ വിഷയങ്ങളിലും തങ്ങളുടെ മതാധിഷ്ഠിതമായ വ്യക്തിനിയമങ്ങൾ അനുസരിപ്പാൻ സ്വാതന്ത്ര്യം നൽകി. 1772–ൽ പാസ്സാക്കപ്പെട്ട റഗുലേഷൻ രണ്ട് പ്രകാരം ദായക്രമം, പിന്തുടർച്ചാവകാശം, വിവാഹം, ജാത്യാചാരം, ജാതിസ്ഥാപനങ്ങൾ (ഇവിടെ ജാതി എന്നു പറയുന്നത് മതത്തിനാണ്) എന്നിവകളെ സംബന്ധിച്ച കേസുകൾ, മുസ്‌ലിംകളുടേതാണെങ്കിൽ ഖുർആൻ അനുസരിച്ചും ഹിന്ദുക്കളുടേതാണെങ്കിൽ 'ശാസ്ത്ര'മനുസരിച്ചും തീർപ്പ് കൽപിക്കണമെന്ന് നിർദേശിക്കപ്പെട്ടു. ഖുർആൻ ഉപദേശിക്കാൻ മൗലവിമാരും ശാസ്ത്രം ഉപദേശിക്കാൻ പണ്ഡിറ്റുമാരും കോടതികളിൽ നിയോഗിക്കപ്പെട്ടു. ഈ നടപടി ചിരകാലം നടപ്പിലുണ്ടായിരുന്നു. മേൽപറഞ്ഞ വിഷയങ്ങളൊഴിച്ച് ബാക്കിയുള്ള വിഷയങ്ങളിൽ ജാതി–മത ഭേദമന്യേ ഇംഗ്ലീഷുകാരുടെ നീതിതത്ത്വങ്ങൾ അനുസരിച്ച് വിധി കൽപിക്കപ്പെട്ടു. 1858–ൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയിൽനിന്ന് ബ്രിട്ടീഷ് ഭരണകൂടം ഇന്ത്യൻ ഭരണം ഏറ്റെടുത്തപ്പോൾ ബ്രിട്ടീഷ് നിയമത്തിന്റെ 'പിടുത്തം' മുറുകി. ബ്രിട്ടീഷ് പാർലമെന്റ് 1843–ൽ അടിമ നിരോധന ആക്ടും 1850–ൽ ജാതി അവശത നിവാരണ ആക്ടും പാസ്സാക്കി. ഒന്നുകൊണ്ട് മനുഷ്യരെ അടിമകളാക്കുന്നത് നിരോധിച്ചു. മറ്റേതുകൊണ്ട് ജാതിയോ മതമോ മാറിയ ആൾക്ക് സിവിൽ നിയമപ്രകാരമുള്ള അനന്തര, പിന്തുടർച്ചാവകാശങ്ങൾ നഷ്ടപ്പെടാതെ വന്നു. ഈ രണ്ട് ആക്ടുകളും അവർ ഇന്ത്യയിൽ നടപ്പാക്കി. 1860–ൽ ഇന്ത്യൻ പീനൽ കോഡുണ്ടാക്കിയതു മുതൽ ഇന്ത്യയിൽ ആകമാനം ഒരേ കുറ്റ–ശിക്ഷാ നിയമം നടപ്പാക്കി. ഇവയെല്ലാം സമുദായ ഭേദമന്യേ നടപ്പാക്കിയതോടെ മുസ്‌ലിംകളെ സംബന്ധിച്ച് ഈ വിഷയങ്ങളിൽ അവരുടെ സ്വന്തം നിയമം നടപ്പാക്കാൻ സാധിക്കാതെ വന്നു. 1861–ൽ ബോംബെ, കൽക്കത്ത, മദിരാശി എന്നീ മൂന്നു സ്ഥലങ്ങളിൽ ഹൈക്കോടതി സ്ഥാപിച്ചു. 1872–ൽ ബ്രിട്ടീഷ് തത്ത്വങ്ങളനുസരിച്ച് ഇന്ത്യക്ക് ഒരു തെളിവ് ആക്ട് ഉണ്ടാക്കി. അതു മുതൽ മുസൽമാന് ഇസ്‌ലാമിക തെളിവ് നിയമം നഷ്ടപ്പെട്ടു. 1887–ൽ പാർലമെന്റ് പാസ്സാക്കിയ ആക്ടിൽ മുസൽമാന്റെ സ്വത്തവകാശം, വിവാഹം, മതാചാരങ്ങൾ എന്നീ വിഷയങ്ങളിൽ കോടതി വിധികൾ കൽപിക്കുമ്പോൾ നിയമനിർമാണം വഴി മാറ്റിയതോ നീക്കിയതോ ആയ ഭാഗങ്ങൾ ഒഴിച്ചു ബാക്കി ഭാഗങ്ങൾ പ്രയോഗിക്കണം എന്ന നിർദേശമുണ്ടായി. ഇസ്‌ലാമിക നിയമത്തിൽ ഒരു മുസ്‌ലിമിന്റെ സ്വത്തവകാശി ഒരു അമുസ്‌ലിമാകാൻ പാടില്ലെങ്കിലും ജാതി മത മാറ്റത്താൽ സ്വത്തവകാശം നശിക്കുന്നില്ല എന്ന ബ്രിട്ടീഷ് നിയമം ഇസ്‌ലാമിക സ്വത്തവകാശ നിയമത്തെ ഭേദഗതി ചെയ്തതാണ് ഈ പ്രകൃതത്തിൽ പ്രസക്തം. എന്നാൽ വിവാഹം, മതാനുഷ്ഠാനാചാരങ്ങൾ എന്നിവയിൽ ബ്രിട്ടീഷ് നിയമം കൈകടത്തിയിരുന്നില്ല. കീഴ്‌വഴക്കങ്ങളെയും ആചാരങ്ങളെയും അവർ ആദരിക്കാറുണ്ടായിരുന്നു. ആചാരങ്ങളോടുള്ള പ്രതിപത്തി, മുസ്‌ലിംകളുടെ ഇടയിൽ, ചില അനിസ്‌ലാമിക ആചാരങ്ങൾ അംഗീകരിക്കുന്നേടത്തോളം ഇന്നും കണ്ടുവരുന്നു എന്നത് ഒരു വസ്തുതയാകുന്നു.

1860–ൽ ഹൈക്കോടതികൾ സ്ഥാപിച്ചതോടുകൂടി മൗലവിമാരുടെയും പണ്ഡിതന്മാരുടെയും കോടതി ഉപദേശക ഉദ്യോഗം അവസാനിച്ചു; കോടതികളിൽ നിയമ പരിശീലനം കഴിച്ച വക്കീലന്മാരുടെ സാന്നിധ്യം ആവശ്യമായി. മൗലവി

മാർക്ക് പകരം വക്കീൽമാർ വന്ന വ്യവസ്ഥക്ക് ഗുണവും ദോഷവും ഉണ്ടായി. മൗലവിമാർ അന്നും കർശനമായ സിദ്ധാന്തികളായിരുന്നു. ലൗകിക സമ്പർക്കമോ നടപടിക്രമമോ അവർക്ക് നിശ്ചയമുണ്ടായിരുന്നില്ല. അവർക്ക് അറിയുന്ന ഭാഷ ബ്രിട്ടീഷ് ജഡ്ജിമാർക്കോ ജഡ്ജിമാർക്ക് അറിയുന്ന ഭാഷ അവർക്കോ അറിവില്ലായിരുന്നു. കേസുകൾ വർധിച്ചു. അവയുടെ വൈവിധ്യതയും സങ്കീർണതയും വർധിച്ചു. സുമാർ 1880 മുതൽ അര മുക്കാൽ നൂറ്റാണ്ടോളം ഇന്ത്യയിൽ മുസ്‌ലിം വ്യക്തിനിയമത്തിന്റെ സുവർണകാലമായിരുന്നു എന്ന് പറയാം. ഈ കാലഘട്ടത്തിൽ അറബി, പേർഷ്യൻ ഭാഷകളിൽ വ്യുൽപത്തിയുള്ള ആധുനിക നിയമപടുക്കളായ ജസ്റ്റിസ് മഹ്മൂദ്, ജസ്റ്റിസ് അമീർ അലി, ജസ്റ്റിസ് അബ്ദുർറഹീം, ബാരിസ്റ്റർ എ.എഫ്.എം അബ്ദുർറഹ്മാൻ, ജസ്റ്റിസ് ത്വയ്യിബ്ജി എന്നീ മഹാരഥന്മാർ മുസ്‌ലിം വ്യക്തിനിയമത്തിന്റെ വികാസത്തിനു വിലപ്പെട്ട സംഭാവനകൾ നൽകി. അറബിയിലെ മൂല ഗ്രന്ഥങ്ങളിൽ കടന്നുചെല്ലാൻ അവർക്ക് സാധിച്ചു. പക്ഷേ, ഇസ്‌ലാമിക നിയമങ്ങളുടെ സങ്കീർണതയും തനതായ സ്രോതസ്സുകളിൽ അവയെ മനസ്സിലാക്കാൻ ഉണ്ടായ പ്രയാസങ്ങളും ബ്രിട്ടീഷ് ജഡ്ജിമാരെ അമ്പരപ്പിക്കുകയായിരുന്നു. മുസ്‌ലിം നിയമപ്രശ്നം തന്റെ മുമ്പാകെ വന്നാൽ ഒരു തീരുമാനവും എടുക്കാതെ ഒഴിഞ്ഞുമാറാൻ സാധിച്ചെങ്കിൽ താൻ സന്തുഷ്ടനായിരുന്നേനെ എന്നുവരെ ഉന്നതനായ ഒരു ബ്രിട്ടീഷ് ജഡ്ജി ഒരിക്കൽ ഒരു വിധിന്യായത്തിൽ പറഞ്ഞു. മുസ്‌ലിം വ്യക്തിനിയമത്തിൽ അൽപസ്വൽപ ഭാഗങ്ങളിൽ മാത്രമേ ക്രോഡീകരണമുണ്ടായിട്ടുള്ളൂ. 1913-ൽ കുടുംബ വഖ്ഫ് സാധൂകരണ ആക്ട്, 1937-ൽ ശരീഅത്ത് ആക്ട്, 1939-ൽ ഫസ്ഖ് ആക്ട്, 1854-ൽ വഖ്ഫ് ആക്ട്, പ്രാദേശികമായി 1918-ൽ മാപ്പിള മക്കത്തായം ആക്ട്, 1928-ൽ മാപ്പിള വസ്വിയ്യത്ത് ആക്ട്, 1920-ൽ കശ്മീർ മുസ്‌ലിം മഹർ ആക്ട്, 1938-ൽ കച്ചീമേമൻ ആക്ട്, 1949-ൽ മുസ്‌ലിം വിവാഹ-ത്വലാഖ് രജിസ്ട്രേഷൻ ആക്ട് (ഒറീസ, ആസാം, ബിഹാർ, വെസ്റ്റ് ബംഗാൾ ഇവക്ക് മാത്രം), കൂട്ടത്തിൽ 1880-ലെ നിരർഥകവും നിഷ്പ്രയോജനകരവുമായ ഖാസി ആക്ട്. ഇവയിൽ പ്രധാനമായ ശരീഅത്ത് ആക്ടിനെ പറ്റി ചുവടെ വിവരിക്കുന്നുണ്ട്.

ആക്ടുകൾ ഉൾക്കൊണ്ട ഭാഗങ്ങളൊഴിച്ച് ബാക്കി ഭാഗങ്ങൾ ഹനഫി നിയമത്തിന് 'ഹിദായ'യും ശാഫിഈ നിയമത്തിനു 'മിൻഹാജും' അംഗീകരിക്കുന്നു. ഹനഫികൾ ഭൂരിപക്ഷമുള്ളതുകൊണ്ട് കോടതി വിധികളും ഹനഫി നിയമത്തെ സംബന്ധിച്ചിട്ടുള്ളതാണധികവും. മൂല ഗ്രന്ഥങ്ങളിൽ ഇന്നുള്ള വക്കീലന്മാരോ ജഡ്ജിമാരോ കടന്നുചെല്ലില്ല. മുമ്പ് പ്രിവി കൗൺസിൽ വിധികളും ഇപ്പോൾ സുപ്രീം കോടതി വിധികളും ഹൈക്കോടതി വിധികളും മാത്രമേ സാധാരണയായി അവർ നോക്കാറുള്ളൂ.

പ്രിവി കൗൺസിൽ ചില തെറ്റായ വിധികൾ മുസ്‌ലിം നിയമത്തിൽ കൽപിച്ചിട്ടുണ്ട്. 1894-ൽ അവർ കുടുംബ വഖ്ഫിനെ റദ്ദാക്കി വിധിച്ചു. റസൂൽ തിരുമേനി അത് അനുവദിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. അതിനാൽ അതിനെ അസാധൂകരിക്കരുത് എന്ന് ജസ്റ്റിസ് അമീർ അലി ആദ്യമായി ഒരു വിധിന്യായത്തിൽ അഭിപ്രായപ്പെട്ടത് ബ്രിട്ടീഷ് ജഡ്ജിമാർ അനുസരിച്ചില്ല. ദാനം വഴി സ്വത്ത് ശാശ്വതമായി കെട്ടിനിർത്താൻ അനുവദിക്കാത്ത പ്രവാചകൻ, 'ധർമം'എന്ന പേരും പറഞ്ഞ് സ്വത്ത് കെട്ടിനിർത്താൻ അനുവദിച്ചിരുന്നുവെന്ന് തങ്ങൾക്ക് വിശ്വസിക്കാൻ സാധിക്കുന്നില്ല എന്ന കാരണമാണ് ജഡ്ജിമാർ അമീർ അലിയുടെ അഭിപ്രായം നിരസിക്കാൻ പറഞ്ഞത് (അബ്ദുൽ ഫതാ കേസ്). ഈ തെറ്റായ വിധിക്കെതിരായി ഇന്ത്യൻ മുസ്‌ലിം സമൂഹം പ്രക്ഷോഭം നടത്തിയതിന്റെ ഫലമായി 1913-ൽ കുടുംബ വഖ്ഫ് സാധൂകരണ ആക്ട് ഇന്ത്യയിൽ പാസ്സാക്കപ്പെട്ടു. 1897-ൽ മറ്റൊരു തെറ്റായ വിധിയുണ്ടായി. ഭർത്താവ് മരിച്ച സ്ത്രീയെ ഒരു കൊല്ലം വരെ ഭർതൃഗൃഹത്തിൽ താമസിപ്പിച്ച് സംരക്ഷിക്കാൻ ഖുർആൻ കൽപിക്കുന്നു എന്ന് ഖുർആനിലെ രണ്ടാം അധ്യായം 240-ാം ആയത്ത് ചൂണ്ടിക്കാട്ടി അമീർ അലി വാദിച്ചു. ജഡ്ജിമാർ സ്വീകരിച്ചില്ല. പറഞ്ഞ കാരണമാണ് വിചിത്രം: ഖുർആനിൽ എന്തു പറയുന്നുവെന്ന് തങ്ങൾ നോക്കേണ്ടതില്ല. 'ഹിദായ'യിലോ 'ഇമാമിയാ'യിലോ അങ്ങനെ ഒരവകാശം തങ്ങൾ കാണുന്നില്ല എന്നായിരുന്നു അവർ കാരണം പറഞ്ഞത് (കുലുസുംബി കേസ്). ശീഈകൾ വസ്വിയ്യത്ത് വഴി വഖ്ഫ് ചെയ്യാൻ പാടില്ല എന്ന് കാര്യകാരണ സഹിതം ജസ്റ്റിസ് മഹ്മൂദ് വിധിച്ചത് പ്രിവി കൗൺസിൽ അംഗീകരിച്ചില്ല; കാരണം പറഞ്ഞത് പണ്ടുള്ളവർ പറയാത്ത പുതുതായ തത്ത്വങ്ങളൊന്നും ഈവക കാര്യത്തിൽ തങ്ങൾ അംഗീകരിക്കാൻ ഒരുക്കമില്ല എന്നായിരുന്നു. വിഷയങ്ങളുടെ 'ശർഈ'യായ വശങ്ങളെ പ്രതിപാദിച്ചായിരുന്നില്ല അവരുടെ മത വിഷയങ്ങളിലെ വിധികൾ. ചട്ടങ്ങളായിരുന്നു അവക്കവലംബം. എന്നാലും പിൽക്കാലങ്ങളിലേക്ക് അത്തരം വിധികൾ നിയമങ്ങളായി വന്നു. ഒരേ വീർപ്പിൽ മൊഴിഞ്ഞ മൂന്നു മൊഴി മൂന്ന് ത്വലാഖ് ആകുമോ എന്ന് 1871-ൽ ബോംബെ ഹൈക്കോടതിയിൽ പ്രശ്നം വന്നപ്പോൾ 75 കൊല്ലമായി ഇങ്ങനെയുള്ള മൂന്ന് മൊഴി മൂന്ന് ത്വലാഖുകളായി കണക്കാക്കുന്നു എന്നു പറഞ്ഞ് മൂന്ന് ത്വലാഖുകളായി എണ്ണി. ഇന്നും നിയമം അതുതന്നെയാണ്. അഹ്മദിയാക്കൾ മുസ്‌ലിംകളാണോ എന്ന പ്രശ്നം 1921-ൽ മദിരാശി ഹൈക്കോടതിയിൽ വന്നപ്പോൾ ഒരു ബ്രിട്ടീഷ് ജഡ്ജിയും കണ്ണൂർക്കാരനായ ജസ്റ്റിസ് കൃഷ്ണനും ചേർന്ന് അവർ മുസ്‌ലിംകളാണെന്ന് വിധിച്ചു. അടുത്തകാലത്ത് ജസ്റ്റിസ് കൃഷ്ണയർ കേരള ഹൈക്കോടതിയിലും അങ്ങനെ വിധിച്ചിട്ടുണ്ട്. മുസ്‌ലിം ജഡ്ജിമാർ വിധികർത്താക്കളായിരുന്നങ്കിൽ വിധികൾ ഇതുതന്നെയായിരിക്കുമോ എന്ന് സംശയിക്കാം. മതാധിഷ്ഠിതമായ പ്രശ്നങ്ങളെ തീരുമാനിക്കാൻ മതപരമായ വിവരവും വീക്ഷണവും ഉള്ളവരാണ് കൂടുതൽ പ്രാപ്തർ എന്നാണ് ഈ വക വിധികൾ സൂചിപ്പിക്കുന്നത്. ഹിന്ദുമത പ്രശ്നങ്ങളെ സംബന്ധിച്ച കേസുകളിൽ ഹിന്ദു ജഡ്ജിമാർക്കും ഈ പ്രാപ്തിയുണ്ടാകും. അടുത്ത കാലത്ത് കേരള ഹൈക്കോടതിയിൽ രസകരമായൊരു കേസുണ്ടായി. നിസ്കാരപ്പള്ളിയിൽ വെച്ച് ചെണ്ട കൊട്ടി ചന്ദനക്കുടം നേർച്ച കൊണ്ടാടാൻ പാടുണ്ടോ എന്നായിരുന്നു പ്രശ്നം. അഞ്ചു സമയങ്ങളിലല്ലേ നമസ്കരിക്കേണ്ടൂ. അതിനാൽ മറ്റു സമയങ്ങളിൽ ചെണ്ട കൊട്ടാമെന്ന് ജഡ്ജി പറഞ്ഞു. ഒരു മുസ്‌ലിം ജഡ്ജി ആയിരുന്നുവെങ്കിൽ ഈ അഭിപ്രായം എഴുന്നള്ളിക്കയില്ലായിരുന്നു. പിന്നീട് ഭാഗ്യവശാൽ പള്ളിയിൽ ചെണ്ട കൊട്ട് പാടില്ലെന്ന വിധിയുണ്ടായി. ഇന്നും ശരീഅത്ത് മേഖലയിലെ പ്രശ്നങ്ങൾ കോടതികളിൽ വരുമ്പോൾ മതപരമായ അറിവോ വീക്ഷണമോ സ്പിരിറ്റോ ഇല്ലാത്ത ജഡ്ജിമാർക്ക് തെറ്റ് പറ്റാറുണ്ട്.

മുസ്‌ലിം വ്യക്തിനിയമത്തിൽ അനിസ്‌ലാമികമായ പല നിയമങ്ങളും ആചാരബലത്തിന്മേൽ കടന്നുകൂടി. മാപ്പിളമാരിൽ നൂറ്റാണ്ടുകളായി ആചരിക്കപ്പെട്ട മരുമക്കത്തായ നിയമം, കച്ചിമേമൻ, ഖോജ, ബോറ വിഭാഗങ്ങളിൽ നിലവിലുണ്ടായ ചില ഹിന്ദു ആചാരങ്ങൾ; കശ്മീരിൽ സ്ത്രീകൾക്ക് സ്വത്തവകാശം നിഷേധിച്ച് വെറും സംരക്ഷണം കൊണ്ട് തൃപ്തിപ്പെട്ട നിയമം, ഇവയെല്ലാം മുസ്‌ലിം വ്യക്തിനിയമത്തിന്റെ ഭാഗങ്ങളായിരുന്നു. 1937-ൽ പാസ്സാക്കപ്പെട്ട ശരീഅത്ത് ആക്ട് മുസ്‌ലിംവ്യക്തിനിയമത്തിലെ അതിപ്രധാനമായ നാഴികക്കല്ലാണ് ഈ ആക്ട്. ഇങ്ങനെ പ്രഖ്യാപിക്കുന്നു: വിപരീതമായ കീഴ്വഴക്കവും ആചാരവും ഉണ്ടായാലും കക്ഷികൾ മുസ്‌ലിംകളാണെങ്കിൽ വസ്വിയ്യത്തില്ലാത്ത ദായം, സ്ത്രീകൾക്കുള്ള സ്വത്ത്,

കരാറോ ധാനമോ മൂലം ലഭിക്കുന്ന സ്വത്ത്, വിവാഹം, ത്വലാഖും ഈലയും സിഹാറും ലിആനും ഖുൽഉം മുബാറയും ഉൾപ്പെടെ വിവാഹമോചനം, സംരക്ഷണം, മഹ്ർ, രക്ഷാകർതൃത്വം, ദാനം, ട്രസ്റ്റ്, മതധർമ സ്ഥാപനങ്ങളുടെ വഖ്ഫ് എന്നീ വിഷയങ്ങളിൽ മുസ്‌ലിംകൾ തമ്മിലുള്ള കേസുകൾ ശരീഅത്ത് തത്ത്വങ്ങൾ അനുസരിച്ച് വിധി കൽപിക്കേണ്ടതാകുന്നു. ഈ ആക്ടിന്റെ ഗുണം സ്വീകരിക്കാൻ ആഗ്രഹിക്കുന്നു എന്ന് അധികാരസ്ഥന്മാർക്ക് എഴുതി ബോധിപ്പിച്ചവർക്ക് മേൽപറഞ്ഞ വിഷയങ്ങൾ കൂടാതെ ദത്തെടുക്കാതിരിപ്പാനും മുഴുവൻ സ്വത്തുക്കൾ വസ്വിയ്യത്ത് ചെയ്യാതിരിപ്പാനും കൂടി ഈ ആക്ട് മൂലം സാധിക്കുന്നതാകുന്നു. ഇങ്ങനെ എടുത്തു പറയാൻ കാരണം കച്ചിമേമൻ-ഖോജ സമുദായങ്ങളിൽ ആചാരമെന്ന നിലക്ക് ഈ അനിസ്‌ലാമികമായ ദത്തെടുപ്പും സ്വത്ത് മുഴുവൻ വസ്വിയ്യത്ത് ചെയ്യുന്ന സമ്പ്രദായവും ഉണ്ടായിരുന്നു. അതിൽനിന്നും അവർക്ക് വേണമെങ്കിൽ ഒഴിഞ്ഞുമാറി ദത്തെടുക്കാതെയും ശരീഅത്ത് അനുസരിച്ച് മാത്രം വസ്വിയ്യത്ത് ചെയ്തും ഈ ആക്ടിന്റെ നന്മ ആസ്വദിക്കാൻ സാധിച്ചു. കച്ചിമേമന്മാർ പിറ്റെ കൊല്ലം 1938-ൽ തന്നെ മറ്റൊരു ആക്ട് പാസ്സാക്കിച്ചു അനിസ്‌ലാമികമായ ഈ ആചാര നിയമങ്ങളിൽനിന്ന് പിന്മാറി ശരീഅത്ത് ആക്ടിന്റെ പരിധിയിൽ തികച്ചും വന്നു. ഖോജാമാർക്ക് ചില മുസ്‌ലിം നിയമങ്ങളും ചില ഹിന്ദുനിയമങ്ങളും സങ്കരമായാണുള്ളത്. അവർ ചില സുന്നി നിയമങ്ങളും ചില ശീഈ നിയമങ്ങളും കൂടി അനുസരിക്കുന്നു. കശ്മീർ മുസ്‌ലിംകൾക്ക് ശരീഅത്ത് ആക്ട് ബാധകമല്ല. കാരണം കശ്മീരൊഴിച്ച് ഇന്ത്യയുടെ നിയമമാണിത്. മലബാർ മാപ്പിളമാർ പുരാതനമായി ചില ഹിന്ദു നിയമങ്ങൾ ആചരിച്ചിരുന്നു. അവർ ഹിന്ദുക്കളെപ്പോലെ മുഴുസ്വത്തുക്കളും വസ്വിയ്യത്ത് ചെയ്തിരുന്നു. സ്വയാർജിത സ്വത്തുക്കൾ പോലും മരണാനന്തരം മരുമക്കൾക്കല്ലാതെ ശർഈയായ അവകാശികൾക്ക് സിദ്ധിച്ചിരുന്നില്ല. ഈ സ്ഥിതിക്ക് 2 പ്രാദേശിക ആക്ടുകൾകൊണ്ട് മാറ്റം വരുത്തി. 1918-ൽ മക്കത്തായ ആക്ട് പാസ്സായി. അതുമൂലം സ്വയാർജിത സ്വത്ത് മുസ്‌ലിം നിയമപ്രകാരമുള്ള അവകാശികൾക്ക് ലഭിച്ചു. 1928-ൽ മാപ്പിള വസ്വിയ്യത്ത് ആക്ട് പാസ്സാക്കിയ വഴി മുസ്‌ലിം നിയമപ്രകാരം മൂന്നിലൊന്ന് മാത്രം അവർ വസ്വിയ്യത്ത് ചെയ്യാമെന്നുവന്നു. മരുമക്കത്തായാചാരമനുസരിച്ച് ഭാഗിച്ചുകിട്ടിയ സ്വത്ത് മുസ്‌ലിം നിയമപ്രകാരമുള്ള അവകാശികൾക്ക് സിദ്ധിച്ചു. ശരീഅത്ത് ആക്ടിനു ശേഷം അനിസ്‌ലാമികമായ യാതൊരാചാരവും സ്വത്ത് കാര്യങ്ങളിൽ അനുസരിക്കാൻ പാടില്ലാതായി. മരുമക്കത്തായ സമ്പ്രദായം ഇനി സൃഷ്ടിക്കാൻ പാടില്ല.

ശരീഅത്ത് ആക്ട് ഒരു പ്രഖ്യാപന ആക്ട് മാത്രമാണ്. അതിൽ എടുത്തുപറഞ്ഞിട്ടുള്ള വിഷയങ്ങളിലെ ശരീഅത്ത് തത്ത്വങ്ങൾ ഏവ എന്നു വിശദീകരിച്ചു പറയുന്നില്ല. ഇത് എല്ലാ മുസ്‌ലിംകൾക്കും ബാധകമായിട്ടുള്ളതുകൊണ്ട് ശീഈ, സുന്നീ, ശാഫിഈ, ഹനഫീ ഇത്യാദി വിഭാഗങ്ങളിലെയും മദ്ഹബുകളിലെയും ഭിന്നമായ നിയമവശങ്ങൾ മാറാതെ നില നിൽക്കുന്നു. താന്താങ്ങളുടെ വിഭാഗീയ നിയമങ്ങൾ അനുസരിക്കാമെന്ന് വിവക്ഷ. പക്ഷേ, അവ എന്താണെന്നറിയുന്നില്ല. 1939-ലെ ഫസ്ഖ് ആക്ട് ഇക്കാര്യത്തിൽ കൂടുതൽ പ്രയോജനകരമായ മാർഗം സ്വീകരിച്ചിരിക്കുന്നു. ഈ ആക്ട് സുന്നീ-ശീഈ ഭേദമോ മദ്ഹബ് ഭേദമോ ഇല്ലാതെ സർവ മുസ്‌ലിംകൾക്കും ബാധകമാണ്. അതിൽ ഫസ്ഖ് ചെയ്യാനുള്ള നിയമതത്ത്വങ്ങൾ അക്കമിട്ട് കാണിച്ചിട്ടുണ്ട്. ആയതിനാൽ അവ എല്ലാവർക്കും അറിയാൻ സാധിക്കുന്നു. ശരീഅത്ത് ആക്ടിൽ അങ്ങനെ വേണ്ടിയിരുന്നു. ഇതര മുസ്‌ലിം രാജ്യങ്ങൾ ശരീഅത്ത് നിയമങ്ങൾ ക്രോഡീകരിച്ചിരിക്കുകയാണ്. ഇന്ത്യയിൽ ക്രോഡീകരണം ശരീഅത്ത് ആക്ടിനു ശേഷം (രണ്ട് കൊല്ലം കഴിഞ്ഞപ്പോൾ) ഫസ്ഖ് ആക്ടിൽ ഉണ്ടായി. അത് ഏറ്റവും ഉചിതവും ഉപയോഗപ്രദവും ആയി. നൂറു ശതമാനം ശരീഅത്ത് നിയമം ആവാനും അറിവാനും അനുസരിപ്പാനും അതിന്റെ ക്രോഡീകരണം ആവശ്യമാകുന്നു. ആയതിന് ശരീഅത്ത് ആക്ട് വിശദീകരിച്ചു പുനർനിർമിച്ചാൽ മതിയാകുന്നതാണ്. ■